(സി) വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചാണ് കൃഷി വകുപ്പ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കേണ്ട സ്കൂളുകൾ അതാത് ജില്ലാതല വിദ്യാഭ്യാസ ഓഫീസർമാരാണ് തെരഞ്ഞെടുക്കുന്നത്. അങ്ങനെ തെരഞ്ഞെടുത്ത സ്കൂളുകളുടെ ലിസ്റ്റ് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ വഴി കൃഷി ഡയറക്ടർക്ക് ലഭ്യമാക്കുന്നതാണ്.

(ഡി) 100% കേന്ദ്ര സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി 15-3-2014-ലെ സ.ഉ.(സാധാ) നമ്പർ 530/2014/ കൃഷി പ്രകാരം 5.55 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അഡീഷണൽ ഓതറൈസേഷൻ വഴി 5.1404175 കോടി രൂപ 13-11-2014-ലെ സ.ഉ. (MS)258/ 2014/AD പ്രകാരം അനുവദിച്ചിട്ടുണ്ട്.

വാർഡുകളുടെ പുനഃസംഘടന

7 (*277) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. സി. കൃഷ്ണൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ പുനഃസംഘടിപ്പിക്കുവാനും സംസ്ഥാനത്ത് നിലവിലുള്ള ഏതെങ്കിലും മുനിസിപ്പാലിറ്റികൾ കോർപ്പറേഷനായി ഉയർത്താനും ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്തെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ ഇത്തരത്തിലുള്ള തീരുമാനം കൈക്കൊണ്ടതെന്നറിയിക്കാമോ ;

(സി) ഇതു സംബന്ധമായ ബന്ധപ്പെട്ട നിയമ വ്യവസ്ഥകളെന്തൊക്കെയാണ് ;

(ഡി) നിലവിലുള്ള മുനിസിപ്പാലിറ്റികളെ കോർപ്പറേഷനുകളാക്കുമ്പോൾ അധികാരകേന്ദ്രീകരണം ആണ് നടക്കുന്നതെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ; പഞ്ചായത്ത് മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയുടെ പുനഃസംഘടനയ്ക്ക് ഡീലിമിറ്റേഷൻ കമ്മീഷൻ നിലവിലുണ്ടോ ; കമ്മീഷൻ നാളിതുവരെ ഇതുമായി ബന്ധപ്പെട്ട് മുന്നോട്ടു വച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ;

(ഇ) ഇത്തരത്തിലുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനു മുമ്പ് ഒരു ഡീലിമിറ്റേഷൻ കമ്മീഷനെ നിയമിച്ച് ആയതിന്റെ ശിപാർശ തേടിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) അടുത്ത പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തെരഞ്ഞെടുപ്പിന് മുമ്പായി ഇവയുടെ പുനഃസംഘടനയോ പുതിയവയുടെ രൂപീകരണമോ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) കേരള പഞ്ചായത്ത് രാജ് നിയമവും കേരള മുനിസിപ്പാലിറ്റി നിയമവും പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് മുന്നോടിയായി ഓരോ നിയോജക മണ്ഡലത്തിലേയും ജനസംഖ്യ പ്രായോഗികമാകുന്നിടത്തോളം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലൊട്ടാകെ ഒന്നുതന്നെ ആകത്തക്ക വിധം വിഭജിച്ച് അതിർത്തികൾ നിർണ്ണയിക്കേണ്ടതുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള ഏതെങ്കിലും മുനിസിപ്പാലിറ്റികൾ കോർപ്പറേഷനായി ഉയർത്തുന്ന വിഷയം ഇപ്പോൾ സർക്കാറിന്റെ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

(സി) 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 4(2) (എഫ്) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിനെ ടൗൺ പഞ്ചായത്തായോ മുനിസിപ്പൽ കൗൺസിലായോ പരിവർത്തനം ചെയ്യാനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. ഇപ്രകാരം സംസ്ഥാനത്തെ നഗരസ്വഭാവം ആർജിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റിയാക്കാവുന്നതും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയോട് ചേർന്ന് കിടക്കുന്ന ഗ്രാമപഞ്ചായത്തുകളെ അവയോട് കൂട്ടിച്ചേർക്കാവുന്നതുമാണ്. ഭരണഘടനയുടെ 243 കൃ അനുഛേദം (2) ഖണ്ഡപ്രകാരം ഒരു സ്ഥലത്തിന്റെ ജനസംഖ്യ, ജനസാന്ദ്രത, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള വരുമാനം, കാർഷികേതര മേഖലയിലുള്ള തൊഴിൽ ശതമാനം, സാമ്പത്തിക പ്രാധാന്യമുള്ള ഘടകങ്ങൾ എന്നിവയാണ് നഗരസഭകൾ രൂപീകരിക്കുന്നതിനുള്ള അടിസ്ഥാനമ്പർ

(ഡി) മുനിസിപ്പാലിറ്റികൾ കോർപ്പറേഷനായി ഉയർത്തുന്ന വിഷയം ഇപ്പോൾ സർക്കാറിന്റെ പരിഗണനയിലില്ല. സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ പുനഃസംഘടിപ്പിക്കേണ്ടതുണ്ട്.

(ഇ) 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 4(2)(എഫ്) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിനെ ടൗൺ പഞ്ചായത്തായോ മുനിസിപ്പൽ കൗൺസിലായോ പരിവർത്തനം ചെയ്യാനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 2015-ലെ തെരെഞ്ഞെടുപ്പിന് മുന്നോടിയായി നിലവിലുള്ള ഗ്രാമപഞ്ചായത്തുകൾ വിഭജിക്കുന്നതിനും നഗരസ്വഭാവം ആർജ്ജിച്ച ഗ്രാമ പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളായി പരിവർത്തനപ്പെടുത്തുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും അതിനനുസരിച്ച് പഞ്ചായത്തുകളെ തെരെഞ്ഞെടുക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പക്ഷേ റിപ്പോർട്ടിൽ കൂടുതൽ വ്യക്തത ആവശ്യമായിരുന്നതുകൊണ്ട് കൂടുതൽ സമഗ്രമായ ഒരു റിപ്പോർട്ട് നൽകാൻ നിർദ്ദേശങ്ങൾ നൽകിയിരിക്കുകയാണ്.

പക്ഷിപ്പനി ബാധയെത്തുടർന്ന് താറാവുകളെ കൂട്ടത്തോടെ കൊന്നൊടുക്കുവാൻ തീരുമാനം

8 (*278) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ശ്രീ. എം. എ. ബേബി :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. സാജു പോൾ: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പക്ഷിപ്പനി ബാധയെത്തുടർന്ന് താറാവുകളെ കൂട്ടത്തോടെ കൊന്നൊടുക്കുവാൻ തീരുമാനിച്ചിരുന്നുവോ ;

(ബി) ഇങ്ങനെ തീരുമാനം എടുത്തപ്പോൾ രോഗം ബാധിക്കാത്തവയേയും കൊന്നൊടുക്കിയിരുന്നുവോ ;

(സി) കർഷകരുടെ എതിർപ്പിനെ മറികടന്ന് രോഗം ബാധിക്കാത്തവയേയും കൊന്നൊടുക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കാതെ സ്വീകരിച്ച ഇത്തരം നടപടികളെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ; അത് സംബന്ധിച്ച് പരിശോധന നടത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly